**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 384** **23-08-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സോഫ്റ്റ്‍വെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനായി ഏത് സോഫ്റ്റ്‍വെയർ ആണ് ഉപയോഗിക്കുന്നത്; | (എ) | ഗ്രാമ പഞ്ചായത്തുകളിലെ കെട്ടിട നിർമ്മാണ അപേക്ഷകൾ സങ്കേതം എന്ന സോഫ്റ്റ് വെയറിലൂടെയും നഗരസഭകളിൽ (കോഴിക്കോട് ഒഴികെ) ഇന്റലിജന്റ് ബിൽഡിംഗ് പ്ളാൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ മുഖേനയുമാണ് പരിശോധിക്കുന്നത്.കോഴിക്കോട് നഗരസഭയിൽ സുവേഗ സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത് . |
| (ബി) | ഇതിനായി സങ്കേതം എന്ന സോഫ്റ്റ്‍വെയർ നിലവിൽ ഉപയോഗിക്കുന്നുണ്ടോ; | (ബി) | ഗ്രാമപഞ്ചായത്തുകളിൽ സങ്കേതം എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. |
| (സി) | സോഫ്റ്റ്‍വെയർ വഴി അനുമതി നൽകുന്ന അപേക്ഷകളുടെ അച്ചടിച്ച പകർപ്പും സമാന്തരമായി തയ്യാറാക്കേണ്ടതുണ്ടോ എന്നറിയിക്കാമോ; ഇത്തരത്തിൽ രണ്ട് വിധത്തിൽ ഒരു അപേക്ഷ കൈകാര്യം ചെയ്യുന്നതിന് ധാരാളം സമയം എടുക്കുന്നതിനാൽ ഓൺലൈൻ വഴി മാത്രം അപേക്ഷ തീർപ്പ് കൽപ്പിക്കുന്നത് ഉചിതമാകുമോ എന്നറിയിക്കാമോ; | (സി) | നിലവിൽ ലോ റിസ്ക് കാറ്റഗറിയിൽപ്പെട്ട അപേക്ഷകളാണ്ഇന്റലിജന്റ് ബിൽഡിംഗ് പ്ളാൻമാനേജ്മെന്റ് സിസ്റ്റം മുഖേന സ്വീകരിച്ച്<br><br>വരുന്നത് .ആയതിന് അച്ചടിച്ച പകർപ്പുകൾ സ്വീകരിക്കുന്നില്ല .സങ്കേതം സംവിധാനത്തിന്റെ ഭാഗമായി ഓൺലൈൻ അപേക്ഷ സൗകര്യം<br><br>ഐ .എൽ .ജി .എം .എസ് സിറ്റിസൺപോർട്ടലിൽ ലഭ്യമാക്കാൻ ഐ കെ എം ന നിർദ്ദേശം നൽകുന്നതാണ് . |
| (ഡി) | കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിനു എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും ഒരു സോഫ്റ്റ്‍വെയർ മാത്രം ഉപയോഗിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) | നിലവിലെ സംവിധാനം തുടരുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നപക്ഷം പുനഃപരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ